# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3757 20/07/2015-ലെ മറുപടിക്ക്

## പ്ലസ് ടു താത്കാലിക അധ്യാപകരുടെ വേതനം

**ചോദ്യം**

ശ്രീ. പി.കെ.ബഷീർ

(എ) പുതുതായി പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ താല്ക്കാലികമായി പഠിപ്പിക്കുന്ന അധ്യാപകർക്ക് വേതനം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണെന്നും പ്രസ്തുത അധിക ബാച്ചുകളിൽ നിശ്ചിത യോഗ്യതയുള്ള അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് അധ്യയനം നടത്തേണ്ടതാണെന്നുമാണ് 31/07/2014-ലെ സ.ഉ. (കൈ) നം.143/2014/പൊവി നമ്പർ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.
പ്രസ്തുത ബാച്ചുകളിൽ നിശ്ചിത എണ്ണം കുട്ടികൾ ഇല്ലാത്ത പക്ഷം നിയമിക്കപ്പെടുന്ന താത്കാലിക അധ്യാപകരുടെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതല്ല എന്നും ടി സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥ പ്രകാരം നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് ദിവസവേതനം ലഭിക്കുന്നതിന് തടസ്സമില്ല.

| | |
|---|---|
| (സി) ഇത്തരത്തിൽ ജോലിനോക്കുന്ന എത്ര താല്ക്കാലിക അധ്യാപകരാണ് സർക്കാർ എയ്ഡഡ് മേഖലയിലുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) പ്രസ്തുത സ്കൂളുകളിൽ പുതിയ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കുമോ? | (ഡി) അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ 2015-16 വർഷത്തെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷമേ ആരംഭിക്കാൻ നിർവാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ